REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 29-05-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **VD സതീശൻ ഗവണ്മന്റിന്റെ ആദ്യ നയപ്രഖ്യാപനം ഇന്ന്.**
- **കേരളത്തിന്റെ മാറ്റത്തിന് വിവിധമേഖലകളിലെ വിദഗ്ധരുടെ ടീം ഉണ്ടാകുമെന്നും, സ്വപ്നതുല്യ പദ്ധതികൾ നടപ്പാക്കുമെന്നും മുഖ്യമന്ത്രി VD സതീശൻ.**
- **ഉപരാഷ്ട്രപതി CP രാധാകൃഷ്ണന്റെ മൂന്ന് ദിവസത്തെ കർണ്ണാടക-ഗോവ-കേരള സന്ദർശനത്തിന് ഇന്ന് തുടക്കം.**
- **കേരളം ഉൾപ്പെടെ 12 സംസ്ഥനങ്ങൾക്ക് പ്രധാൻമന്ത്രി ആവാസ് യോജന ഗ്രാമീൺ പരിപാടിയിൽ പതിനായിരം കോടിയിലേറെ രൂപ, കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ കൈമാറി.**
- **സംസ്ഥാനത്ത് തിങ്കളാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യത - ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത.**
- **IPL ക്രിക്കറ്റ് രണ്ടാം ക്വാളിഫയറിൽ വൈകിട്ട് രാജസ്ഥാൻ റോയൽസ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.**

## വാർത്തകൾ വിശദമായി

VD സതീശൻ ഗവണ്മന്റിന്റെ ആദ്യ നയപ്രഖ്യാപനം ഇന്ന്. ഇതോടെ 16-ാം കേരള നിയമസഭയുടെ സമ്പൂർണ സമ്മേളനത്തിന് തുടക്കമാകും.പത്തുവർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് UDF ഗവൺമെന്റിന്റെ നയപ്രഖ്യാപനം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി...

.........വോയ്സ്........

ഇന്ന് രാവിലെ ഒൻപതു മണിക്കാണ് പുതിയ സർക്കാരിന്റെ നയപ്രഖ്യാപന പ്രസംഗം. നയപ്രഖ്യാപന പ്രസംഗത്തിനായി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേർക്കർ 8.45 -ഓടെ നിയമസഭാ മന്ദിരത്തിലെത്തും. യുഡിഎഫിന്റെ തെരഞ്ഞെടുപ്പു വാഗ്ദാനങ്ങളിൽ ഉൾപ്പെട്ട വനിതകൾക്ക് സൗജന്യ കെഎസ്ആർടിസി യാത്ര അടക്കമുള്ളവ ഇന്നത്തെ നയപ്രഖ്യാപന പ്രസംഗത്തിൽ ഉണ്ടാകുമോ എന്നാണ് പലരും ആകാംക്ഷയോടെ കാത്തിരിക്കുന്നത്. നയപ്രഖ്യാപന പ്രസംഗത്തിന് തിങ്കളാഴ്ചയാണ് മന്ത്രിസഭ അംഗീകാരം നൽകിയിരുന്നത്. ഇന്ന് നയപ്രഖ്യാപന പ്രസംഗത്തിനു ശേഷം പിരിയുന്ന സഭ പിന്നീട് ജൂൺ ഒന്ന്, രണ്ട്, മൂന്ന് തീയ്യതികളിൽ നന്ദി പ്രമേയം ചർച്ച ചെയ്യും. ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പ് ജൂൺ ഒന്നിനു നടത്തും.

✪✪✪

കേരളത്തിന്റെ മാറ്റത്തിന് വിവിധമേഖലകളിലെ വിദഗ്ധരുടെ നല്ലൊരു ടീം ഉണ്ടാകുമെന്നും സ്വപ്ന തുല്യ പദ്ധതികൾ നടപ്പാക്കുമെന്നും മുഖ്യമന്ത്രി VD സതീശൻ പറഞ്ഞു. കോഴിക്കോട് പൗരാവലി ഒരുക്കിയ സ്വീകരണത്തിന് മറുപടി പറയുകയായിരുന്നു അദ്ദേഹം.

കേരളത്തിലെ കുട്ടികൾ ഇവിടെ തന്നെ പഠിക്കാനും കാലത്തിനൊപ്പം ഓടിയെത്താനും പറ്റുന്നവരായി മാറണം. ഇതിന് സിലബസ് മാറ്റം ആവശ്യമാണ്. സമ്പദ് വ്യവസ്ഥ ഉത്തേജിപ്പിക്കാനും ഖജനാവ് നിറച്ച് വികസനം കൊണ്ടുവരാനും സാധിക്കുന്ന തരത്തിൽ ഭരണ സംവിധാനത്തെ പരിഷ്കരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

മുൻ ഗോവ ഗവർണർ PS ശ്രീധരൻപിള്ള, MK രാഘവൻ MP, ഡോ. MK മുനീർ, കൈതപ്രം, നടൻ ജോയ് മാത്യു, കൽപ്പറ്റ നാരായണൻ,MN കാരശ്ശേരി, തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

✪✪✪

സുസ്ഥിര വികസനത്തിന്റെ കാഴ്ചപ്പാടുകൾ പകർന്ന് നൽകിയ രാഷ്ട്രീയ നേതാവായിരുന്നു MP വീരേന്ദ്രകുമാർ എന്ന് മുഖ്യമന്ത്രി VD സതീശൻ പറഞ്ഞു. കോഴിക്കോട്ട് വീരേന്ദ്രകുമാർ അനുസ്മരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദേഹം. പ്ലാച്ചിമട സമരത്തിന് വീരേന്ദ്രകുമാർ നൽകിയ പിന്തുണ ഭൂഗർഭ ജലത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താൻ സഹായകമായെന്ന് സതീശൻ അഭിപ്രായപ്പെട്ടു.

നേരത്തെ മുൻ കേന്ദ്രമന്ത്രി ജയറാം രമേശ്, MPവീരേന്ദ്രകുമാർ മാതൃഭൂമി നാഷണൽ തോട്ട് ലീഡർഷിപ്പ് പുരസ്കാരം സാമൂഹ്യ പ്രവർത്തക സുനിതാ കൃഷ്ണന് സമ്മാനിച്ചു. അനുസ്മരണപ്രഭാഷണവും അദ്ദേഹം നടത്തി.

✪✪✪

സംസ്ഥാനത്തെ എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് വൈകിട്ട് ഉന്നതതല യോഗം ചേരും. മന്ത്രി M. ലിജുവിന്റെ നേതൃത്വത്തിൽ നന്ദാവനത്തെ എക്സൈസ് ആസ്ഥാനത്താണ് യോഗം.

✪✪✪

കർണാടകയിൽ പുതിയ നിയമസഭാ കക്ഷിനേതാവിനെ തെരഞ്ഞെടുക്കുന്ന നടപടി ചർച്ച ചെയ്യാൻ രാജി വെച്ച മുഖ്യമന്ത്രി സിദ്ധരാമയ്യ-യും ഉപമുഖ്യമന്ത്രി DK ശിവകുമാറും ഡൽഹിയിലെത്തി. കോൺഗ്രസ് നേതൃത്വവുമായി ചർച്ച ചെയ്ത ശേഷം മന്ത്രി സഭാ പുനഃസംഘടനയും ഉണ്ടായേക്കുമെന്നാണ് റിപ്പോർട്ട്. ഇന്നലെ ഗവർണറുടെ ഓഫീസിലെത്തി സിദ്ധരാമയ്യ രാജിക്കത്ത് സമർപ്പിച്ചു. എന്നാൽ ഗവർണർ യാത്രയിലായതിനാൽ അദ്ദേഹം മടങ്ങിയെത്തിയ ശേഷമായിരിക്കും അന്തിമ തീരുമാനം.

സിദ്ധരാമയ്യയുടെ രാജിയിൽ സംസ്ഥാനത്ത് പലയിടത്തും പിന്നാക്ക ന്യൂനപക്ഷ പ്രസ്ഥാനമായ അഹിന്ദ പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചു. അതേ സമയം, DK ശിവകുമാറിനെ പിന്തുണയ്ക്കുന്ന സംഘടനകൾ ആഹ്ലാദ പ്രകടനം നടത്തി.

✪✪✪

ഉപരാഷ്ട്രപതി CP രാധാകൃഷ്ണന്റെ മൂന്ന് ദിവസത്തെ കർണ്ണാടക-ഗോവ-കേരള സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ബെംഗലൂരുവിൽ ആർട്ട് ഓഫ് ലിവിംഗ് ഫൗണ്ടേഷന്റെ 45-ാം വാർഷികാഘോഷത്തിൽ ഉപരാഷ്ട്രപതി ഇന്ന് പങ്കെടുക്കും.

ദാവൻഗെരെയിലെ BDT കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളിൽ അദ്ദേഹം പങ്കെടുക്കും.

നാളെ പനാജിയിൽ ഗോവ സംസ്ഥാന രൂപീകരണ ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്ന ഉപരാഷ്ട്രപതി ഗോവയിലെ CSIR-നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി സന്ദർശിക്കും.

മറ്റന്നാൾ വൈകിട്ട് കേരളത്തിലെത്തുന്ന ഉപരാഷ്ട്രപതി കോട്ടയത്ത് ദീപിക ദിനപത്രത്തിന്റെ 140-ാമത് സ്ഥാപക വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്യും.

✪✪✪

CBSE 12-ാം ക്ലാസ് വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ സമയബന്ധിതമായും സുതാര്യമായും സൗഹൃദപരമായും പരിഹരിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ, എല്ലാ നടപടികളും സ്വീകരിക്കാൻ വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ

ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. CBSE 12-ാം ക്ലാസ് പരീക്ഷകളുടെ മൂല്യനിർണ്ണയവും ഫലാനന്തര നടപടികൾ സംബന്ധിച്ച പ്രശ്നങ്ങൾ അവലോകനം ചെയ്യാൻ ന്യൂഡൽഹിയിലെ CBSE ആസ്ഥാനത്ത് ചേർന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

വിദ്യാർത്ഥികളുടെ താൽപ്പര്യങ്ങൾ ഗവണ്മെന്റിന്റെ മുൻഗണനയാണെന്ന് ആവർത്തിച്ച പ്രധാൻ വീഴ്ചകൾക്കെതിരെ കർശന നടപടിയെടുക്കുമെന്ന് ഉറപ്പ് നൽകി.

✪✪✪

കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങൾക്ക് പ്രധാൻമന്ത്രി ആവാസ് യോജന ഗ്രാമീൺ പരിപാടിയിൽ പതിനായിരം കോടിയിലേറെ രൂപ കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ വീഡിയോ കോൺഫറൻസിലൂടെ കൈമാറി.

കേരളത്തിന് പുറമെ തമിഴ്നാട്, കർണാടക, UP, ഗുജറാത്ത്, ഹരിയാന, എന്നിവയടക്കം സംസ്ഥാനങ്ങൾക്കാണ് തുക അനുവദിച്ചത്.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്............

രാജ്യത്ത് പ്രധാൻമന്ത്രി ആവാസ് പദ്ധതിയിൽ ഇതുവരെ മൂന്ന് കോടി 91 ലക്ഷത്തിൽ പരം വീടുകളുടെ നിർമ്മാണത്തിന് കേന്ദ്രം അനുമതി നൽകിയിട്ടുണ്ടെന്ന് ചൗഹാൻ അറിയിച്ചു.

ഇതിൽ മൂന്ന് കോടിയിൽ പരം വീടുകളുടെ നിർമ്മാണം പൂർത്തിയായി. നാല് കോടി 95 ലക്ഷം വീടുകൾ നിർമ്മിക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ആവാസ യോഗ്യമല്ലാത്ത വീടുകളിൽ പാവപ്പെട്ട ഒരാൾപോലും കഴിയുന്നില്ലെന്ന് ഉറപ്പാക്കുന്ന പ്രധാനമന്ത്രിയുടെ പ്രതിബദ്ധതയാണ് പദ്ധതിക്ക് പിന്നിലെന്ന് ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു .

PMAY-G ൽ 75 ശതമാനത്തോളം വീടുകൾ സ്ത്രീകളുടെ പേരിലോ ഭാര്യയുടെയും ഭർത്താവിന്റെയും കൂട്ടായ പേരിലാണ് നൽകിയിരിക്കുന്നത്. ഇനിയും പദ്ധതിയിൽ കേന്ദ്ര നിർദേശ പ്രകാരം അനുമതി നൽകാത്ത സംസ്ഥാനങ്ങളോട് ലക്ഷ്യം ജൂൺ 30-ഓടെ പൂർത്തീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ചൗഹാൻ പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാതി'ന്റെ 134-ാം പതിപ്പ് മറ്റന്നാൾ. ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ

നമ്പറിലോ, നമോ ആപ്പിലോ, My gov ഓപ്പൺ ഫോറത്തിലോ വഴി ഇന്ന് കൂടി സമർപ്പിക്കാം.

✪✪✪

സംസ്ഥാനത്ത് തിങ്കളാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലാണ് ജാഗ്രതാ നിർദ്ദേശം.

✪✪✪

തിരുവനന്തപുരം വെമ്പായത്തെ അമ്യൂസ്മെന്റ് പാർക്കിലെ അപകടത്തിൽ കൃത്യമായ പരിശോധനയും നടപടിയും ഉണ്ടാകുമെന്ന് മന്ത്രി ബിന്ദുകൃഷ്ണ പറഞ്ഞു. റൈഡ് പൊട്ടി വീണത് സുരക്ഷാ വീഴ്ചയാണെന്നും സംവിധാനത്തിന്റെ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് അടക്കം പരിശോധിക്കുമെന്നും മന്ത്രി അറിയിച്ചു. ശിശു ക്ഷേമ വകുപ്പ് ഡയറക്ടർ പരിശോധനയ്ക്ക് നേതൃത്വം നൽകും.

✪✪✪

കൊട്ടിയൂർ വൈശാഖമഹോത്സവത്തിന് നെയ്യാട്ടത്തോടെ തുടക്കമായി. ഇന്ന് ഭണ്ഡാരം എഴുന്നള്ളത്താണ്.

കണ്ണൂരിൽ നിന്ന് KO ശശിധരൻ...

...(വോയ്സ്)...

ഇന്നലെ രാത്രി 10 മണിയോടെയാണ് നെയ്യാട്ടം ആരംഭിച്ചത് .മണത്തണ ചപ്പാരം ഭഗവതി ക്ഷേത്രത്തിൽ നിന്ന് നെയ്യമൃത് സ്ഥാനികരായ വില്ലിപ്പാലൻ വലിയകുറുപ്പും തമ്മേങ്ങാടൻ മൂത്ത നമ്പ്യാരും ഒരുമിച്ച് കശലപാത്രങ്ങളുമായി അക്കരകൊട്ടിയൂരിൽ എത്തിയതിന് ശേഷമായിരുന്നു ചടങ്ങ്. ഇന്ന് രാവിലെയോടെയാണ് നെയ്യാട്ടം പൂർത്തിയാത്. ജീലയിലെ വിവിധയിടങ്ങളിലെ 80 മഠങ്ങളിൽ നിന്നുള്ള നെയ്യമൃത് സംഘങ്ങളാണ് ക്ഷേത്രത്തിലേക്ക് നെയ്യുമായി എത്തിയത്. വയനാട് തലപ്പുഴയിലെ മുതിരേരി ക്ഷേത്രത്തിൽ നിന്ന് എഴുന്നള്ളിച്ചുകൊണ്ടുവന്ന മുതിരേരി വാളും അക്കരെ കൊട്ടിയൂരിലെത്തി. ഇന്ന് കരിമ്പനക്കൽ ഗോപുരത്തിൽ നിന്ന് ഭണ്ഡാരം എഴുന്നള്ളിച്ച് കൊണ്ടുവരും ബലിബിംബങ്ങളും ആനകളും അക്കരെ കൊട്ടിയൂരിൽ ഇന്നെത്തും.നാളെ മുതൽ അക്കരെ കൊട്ടിയൂരിൽ സ്ത്രീകൾക്ക് പ്രവേശനം അനുവദിക്കും.ജൂൺ 20 വരെയാണ് പ്രവേശനം.

✪✪✪

തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ സുരക്ഷാ വീഴ്ച ഉണ്ടായ സംഭവം ചർച്ച ചെയ്യാൻ ക്ഷേത്ര ഭരണ സമിതി യോഗം ഇന്ന് ചേരും. അഞ്ചംഗ ഭരണ സമിതി രാവിലെയാണ് യോഗം ചേരുന്നത്.

✪✪✪

IPL ക്രിക്കറ്റ് രണ്ടാം ക്വാളിഫയറിൽ ഇന്ന് രാജസ്ഥാൻ റോയൽസ്-ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ന്യൂ ചണ്ഡീഗഡിലെ മഹാരാജ യാദവീന്ദ്ര സിംഗ് ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം. കഴിഞ്ഞ ദിവസം എലിമിനേറ്റർ മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദിനെ പരാജയപ്പെടുത്തിയാണ് രാജസ്ഥാൻ രണ്ടാം ക്വാളിഫയറിലേക്ക് യോഗ്യത നേടിയത്.

ഇന്ന് വിജയിക്കുന്ന ടീം, മറ്റന്നാൾ അഹമ്മദാബാദിലെ ഫൈനൽ പോരാട്ടത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവുമായി ഏറ്റുമുട്ടും.

✪✪✪

ഇന്ത്യ - ഇംഗ്ലണ്ട് വനിതാ T -20 മൂന്ന് മത്സര ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ചെംസ്ഫോഡിൽ ഇന്ത്യയ്ക്ക് 38 റൺസിന്റെ വിജയം. നാളെ ബ്രിസ്റ്റോളിലാണ് രണ്ടാം മത്സരം. പരമ്പരയിൽ ഹർമൻപ്രീത് കൗറാണ് ഇന്ത്യൻ സംഘത്തെ നയിക്കുന്നത്.

✪✪✪

തിരുവനന്തപുരത്തെ തിരുവല്ലം പരശുരാമ ക്ഷേത്ര നവീകരണം വേഗത്തിലാക്കണമെന്ന് ആവശ്യപ്പെട്ട് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ ജല വിഭവ - ദേവസ്വം മന്ത്രിമാർക്ക് കത്ത് നൽകി. ബലിക്കടവ് വൃത്തിയാക്കുകയും, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും വേണമെന്ന് അദ്ദേഹം കത്തിൽ ആവശ്യപ്പെട്ടു.

✪✪✪

വിദ്യാഭ്യാസ വകുപ്പിൽ അധ്യാപക-സോഷ്യൽ വർക്കർ നിയമനം നടത്തുന്നു എന്ന തരത്തിൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പേരിൽ വ്യാജ പ്രചാരണം നടത്തുന്നതായി ഗവൺമെന്റ് അറിയിച്ചു. സാമൂഹ്യമാധ്യമങ്ങളിലെ ഇത്തരം പ്രചാരണങ്ങൾ അടിസ്ഥാന രഹിതമാണെന്നും വ്യാജവാർത്തകളിൽ അകപ്പെടരുതെന്നും വാർത്താകുറിപ്പിൽ മുന്നറിയിപ്പ് നൽകി. വ്യാജ സന്ദേശത്തിനെതിരെ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ DGP യ്ക്ക് പരാതി നൽകി.

✪✪✪

പരസ്യ ചിത്രീകരണത്തിന് പെരുമ്പാവൂരിലെ മുടക്കുഴ പഴയിലെ പാറമടയിൽ എത്തിയ യുവ മോഡൽ മുങ്ങി മരിച്ചു. ഡൽഹി സ്വദേശി ദിയാൻഷു ജോഷിയാണ് ഇന്നലെ ഉച്ചകഴിഞ്ഞുണ്ടായ അപകടത്തിൽ മരിച്ചത്.

✪✪✪

തിരുവനന്തപുരത്ത് ED ഉദ്യോഗസ്ഥരെ ആക്രമിച്ച കേസിൽ അറസ്റ്റിലായ 13 CPIM പ്രവർത്തകരെ ഇന്ന് കോടതിയിൽ ഹാജരാക്കും. കേസിൽ ഇതുവരെ 19 പേരാണ് അറസ്റ്റിലായത്. ഇതിൽ 5 പേരെ നേരത്തെ റിമാൻഡ് ചെയ്തിരുന്നു. ഒരാൾക്ക് നോട്ടീസ് നൽകി വിട്ടയച്ചു.

✪✪✪

*News Editor: പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*News team : അനുഷ ആത്മപ്രകാശ്, ശ്രിജി പൂവത്തിങ്കൽ*
*DEO : സി കെ സുബോധ്*